## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24** **07.08.2017-ൽ മറുപടിക്ക്**

### <u>സാമുദായിക ഐക്യം തകർക്കുന്നവർക്കെതിരെ നടപടി</u>

<u>ചോദ്യം</u>

ശ്രീ. വി. അബ്ദുറഹിമാൻ
ശ്രീ. ജെയിംസ് മാത്യു
പ്രൊഫ. കെ.യു. അരുണൻ
ശ്രീ. കെ. ജെ. മാക്സി

<u>മറുപടി</u>

ശ്രീ. പിണറായി വിജയൻ
( മുഖ്യമന്ത്രി)

(എ) കശാപ്പ് നിരോധനം എന്ന പേരിൽ രാജ്യത്തെ ജനങ്ങൾ എന്ത് ഭക്ഷിക്കണമെന്ന് തങ്ങൾ തീരുമാനിക്കുമെന്ന തരത്തിൽ വർഗ്ഗീയ തീവ്രവാദ സംഘടനകളുടെ പ്രവർത്തനം സംസ്ഥാനത്ത് സാമൂഹിക ഛിദ്രം ഉണ്ടാക്കാതിരിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(എ) കശാപ്പ് നിരോധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് യാതൊരുവിധ സാമൂഹിക ഛിദ്രപ്രവർത്തനങ്ങളും ഉണ്ടായിട്ടില്ലാത്തതാണ്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്തി ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) വർഗ്ഗീയതയാണ് രാജ്യസ്നേഹമെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് വസ്ത്രധാരണ രീതിയിലുൾപ്പെടെ ജനങ്ങളുടെ മേൽ പെരുമാറ്റച്ചട്ടം അടിച്ചേൽപ്പിക്കുകയെന്ന ലക്ഷ്യവുമായി ഗൃഹസന്ദർശനമെന്ന മറവിൽ ജനങ്ങളിൽ ഭീതി വിതച്ച് വരുതിയിലാക്കാനുള്ള നീക്കം നിയമപരമായും ഭരണപരമായും കർശനമായി നേരിടാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ നിയമങ്ങൾ അനുസരിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (സി) സാമുദായിക ധ്രുവീകരണം സൃഷ്ടിച്ച് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണി സൃഷ്ടിക്കുന്നവരെ രാജ്യദ്രോഹക്കുറ്റം ചുമത്തി കർശനമായി നിയന്ത്രിക്കുമോ? | (സി) നിലവിലുള്ള നിയമപ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**